ജലനിധി രണ്ടാം ഘട്ട പദ്ധതിപ്രകാരം നിലവിൽ 103 ഗ്രാമപഞ്ചായത്തുകളിൽ ഭൂഗർഭജലമുപയോഗിച്ചുള്ള ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആദ്യ ബാച്ചിൽ ഉൾപ്പെട്ട 20 പഞ്ചായത്തുകളിൽ 438 ഉം, രണ്ടാം ബാച്ചിലെ 62 പഞ്ചായത്തുകളിൽ 1068 ഉം, ഭൂഗർഭജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണുള്ളത്. ഇവയിൽ 576 പദ്ധതികൾ ഇതിനകം പ്രവർത്തന ക്ഷമമായിട്ടുണ്ട്. അവയിലൂടെ 33,037 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിവരുന്നു. മൂന്നാം ബാച്ചിലെ 21 പഞ്ചായത്തുകളിൽ പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

പുതിയമദ്യനയവും വിനോദസഞ്ചാര മേഖലയും

15 (*225) ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയം വിനോദസഞ്ചാരമേഖലയിൽ എന്തെങ്കിലും വിപരീത ഫലങ്ങൾ ഉണ്ടാക്കുമോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിനോദസഞ്ചാര താല്പര്യത്തിന് മദ്യവുമായുള്ള ബന്ധത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ?

പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ & ബി) വിനോദ സഞ്ചാരവകുപ്പ് ഈ വിഷയം പ്രത്യേകമായി പരിശോധിച്ചിട്ടില്ല. എന്നാൽ പുതിയ മദ്യനയത്തിലെ വ്യവസ്ഥകൾ വിനോദസഞ്ചാര/ഹോട്ടൽ വ്യവസായം എന്നീ മേഖലകളിൽ വിപരീതഫലം ഉണ്ടാക്കിയിട്ടുണ്ടോ എന്നകാര്യം പഠന വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 13-2-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 97/2015/നി.വ. പ്രകാരം ഗ്രലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനെ (GIFT) ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly